"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — മഹാത്മ അയ്യൻകാളി ജലോത്സവം വെള്ളായണി 2022, തിരുവനന്തപുരം - സംഘാടനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2144/2022/LSGD തീയതി,തിരുവനന്തപുരം, 01-09-2022

---

പരാമർശം:- 1. അയ്യൻകാളി ജലോത്സവ സംഘാടക സമിതി ചെയർമാന്റെ 22/08/2022ലെ കത്ത്.

**ഉത്തരവ്**

2022 സെപ്റ്റംബർ 7, 8, 9, 10, 11തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനും ഓണം ടൂറിസം വാരാഘോഷത്തിനുമായി സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നൽകണമെന്ന് അയ്യൻകാളി ജലോത്സവ സംഘാടക സമിതി പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 സെപ്റ്റംബർ 7, 8, 9, 10, 11 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടക്കുന്ന മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനും ഓണം ടൂറിസം വാരാഘോഷത്തിനുമായി തിരുവനന്തപുരം നഗരസഭയിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്നും രണ്ടു ലക്ഷം രൂപ വീതവും നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ നിന്നും നേമം,അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ഒരു ലക്ഷം രൂപ വീതവും നേമം,അതിയന്നൂർ ബ്ലോക്കിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും 50000 രൂപ വീതവും ജല മേള നടക്കുന്ന കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപയും അയ്യൻകാളി ജലോത്സവ സംഘാടകസമിതിക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ജലോത്സവ സമിതി കൺവീനർ ആഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ചെയർമാൻ, അയ്യൻകാളി ജലോത്സവ സംഘാടക സമിതി, വെള്ളായണി, ഊക്കോട് പി.ഒ, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 01-09-2022 11:34:45
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.